ഉത്തരം

(എ) ഇല്ല.

(ബി) ഗുണനിലവാരം കുറഞ്ഞ സ്റ്റോക്ക് ആയതിനാൽ റിജക്റ്റ് ചെയ്തതിന്റെ സ്ലിപ്പ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ വിജിലൻസ് വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) ഒരു ലോഡ് മുളക് കോട്ടയം ഡിപ്പോയിൽ വന്നത് 14-12-2004-ലും ആയത് ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥ പരിശോധിച്ചത് 16-12-2004-ലും ആണ്.

(ഡി) പരിശോധിക്കാതെ റിജക്ഷൻ സ്ലിപ്പ് എഴുതി എന്നത് വാസ്തവമല്ലാത്തതിനാൽ ഇതു സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന്റെ ആവശ്യകത ഉണ്ടായിട്ടില്ല.

റേഷൻ വിതരണക്കാരുടെ പ്രശ്നങ്ങൾ

47 [2664] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. കാർഡ് ഉടമകൾക്ക് നൽകി വരുന്ന ഭക്ഷ്യധാന്യങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ടോ; കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാനം നൽകേണ്ട 17% നിർത്തിവച്ചത് പുനഃസ്ഥാപിക്കുമോ;

(ബി) ആഴ്ചയിൽ 4 രൂപ വീതം അനുവദിച്ചിരുന്ന സബ്സിഡി നില നിർത്തുമോ;

(സി) അന്ത്യോദയ, അന്നപൂർണ്ണ പദ്ധതികളിൽ ധാന്യ വിതരണം നടത്തിയതിന്റെ കമ്മീഷൻ എത്ര മാസത്തെ കൊടുത്തുതീർക്കാനുണ്ട്; ഇത് ഉടൻ വിതരണം നടത്തുമോ; ഈ ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശിക;

(ഡി) ഓണത്തോടനുബന്ധിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന് സൗജന്യമായി അരി നൽകിയ ഇനത്തിൽ റേഷൻകട ഉടമകൾക്ക് ലഭിക്കേണ്ടതായ തുക നൽകുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ നൽകേണ്ടത് എത്ര രൂപയാണ് എന്നും എപ്പോൾ നൽകാൻ കഴിയും എന്നും അറിയിക്കുമോ;

(ഇ) 1999-ൽ ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ മാറ്റം വരുത്തിയതിനെ തുടർന്ന് റേഷൻ വിതരണക്കാർ അധികമായി അടച്ച തുകയിൽ എത്ര രൂപ തിരികെ നൽകാനുണ്ട്; പ്രസ്തുത തുക മടക്കി നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) സംസ്ഥാനത്തെ ബി. പി. എൽ. കാർഡുടമകൾക്ക് അർഹതപ്പെട്ട പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ നൽകാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാർ കണ്ടെത്തിയ ബി. പി. എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിക്കുന്ന 38062 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാരിന്റെ കണക്ക് പ്രകാരമുള്ള 1573811 കുടുംബങ്ങൾക്കായി വീതിച്ചു നൽകുമ്പോൾ കാർഡൊന്നിന് പ്രതിമാസം 24 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിതരണം ചെയ്യാൻ കഴിയുന്നുള്ളൂ. കേന്ദ്ര സർക്കാർ എ. പി. എൽ. നിരക്കിൽ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ സബ്സിഡി നൽകി ബി. പി. എൽ. വിഭാഗത്തിന് അർഹതപ്പെട്ട അളവ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(സി) അന്ത്യോദയ-അന്നയോജന പദ്ധതി പ്രകാരം വ്യാപാരികൾക്ക് 2/04 മുതൽ 12/04 വരെ ലഭിക്കേണ്ടതായ കമ്മീഷൻ തുക 5,63,30,000 രൂപയാണ്. അന്നപൂർണ്ണ പദ്ധതി പ്രകാരം മാർച്ച് 2004 മുതൽ ഡിസംബർ 2004 വരെ വ്യാപാരികൾക്ക് 13,49,413 രൂപ കമ്മീഷൻ ഇനത്തിൽ നൽകേണ്ടതുണ്ട്. പ്രസ്തുത തുകകൾ ഉടൻ വിതരണം ചെയ്യുന്നതാണ്.

(ഡി) ഓണത്തോടനുബന്ധിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന് സൗജന്യമായി അരി നൽകിയ ഇനത്തിൽ റേഷൻ കട ഉടമകൾക്ക് 18,54,868.50 രൂപ നൽകുവാനുണ്ട്. ഇതിൽ എറണാകുളം ജില്ലയ്ക്ക് 6,88,100 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി ഫണ്ടിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ മാറ്റം വരുത്തിയതിനെ തുടർന്ന് റേഷൻ വ്യാപാരികൾക്ക് 1,47,28,144.99 രൂപ നൽകുവാനുണ്ട്. ഈ തുക എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന അരി

48 [2665] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ. ഡി. എഫ്. ഭരണകാലത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡുടമകൾക്ക് എന്തു വിലയ്ക്ക് എത്ര കിലോ അരി വീതം വിതരണം ചെയ്തിരുന്നെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly